2024
JULY
20
SATURDAY

www.societytodaynews.com

# സൊസൈറ്റി ടുഡേ
SOCIETY TODAY

E-mail: societytodaynews@gmail.com

വയബീൻ
വയനാടൻ ഉൽപ്പന്നങ്ങൾ
Home Delivery
9847 12 9091, 96455 97621

## റവന്യു രേഖകളിലുള്ളതിൽ അധികം ഭൂമി കൈവശമുണ്ടെങ്കിൽ ഉടമസ്ഥാവകാശം; ബിൽ പരിഗണനയിൽ

**തിരുവനന്തപുരം:** സംസ്ഥാനത്ത് 2022 നവംബർ ഒന്നിന് ആരംഭിച്ച ഡിജിറ്റൽ റീസർവേ പൂർത്തിയാകുമ്പോൾ റവന്യു രേഖകളിലുള്ളതിൽ അധികം ഭൂമി കൈവശമുള്ളവർക്ക് അതിന്റെ ഉടമസ്ഥാവകാശം ലഭിക്കും. ഇതുസംബന്ധിച്ച ബിൽ ഒക്ടോബറിൽ ചേരുന്ന നിയമസഭയുടെ പ്രത്യേക നിയമസഭാ സമ്മേളനത്തിൽ അവതരിപ്പിക്കും. ബില്ലിന്റെ കരട് നിയമ വകുപ്പിന്റെ പരിഗണനയിലാണ്. റവന്യു രേഖയിൽ 10 സെന്റ് എന്ന് രേഖപ്പെടുത്തിയിട്ടുള്ള സ്ഥലത്ത് റീസർവേയിൽ രണ്ട് സെന്റ് കൂടുതൽ അധികമായി കണ്ടെത്തിയാൽ അതിന്റെ അവകാശം കൂടി ഉടമയ്ക്ക് ലഭ്യമാക്കുകയാണ് പുതിയ ബില്ല് വഴി ലക്ഷ്യമിടുന്നത്. നാലു വർഷം കൊണ്ട് 1555 വില്ലേജുകളിലാണ് ഡിജിറ്റൽ റീസർവേ പൂർത്തിയാക്കേണ്ടത്. 9(2) വിജ്ഞാപനമിറക്കിയ ശേഷം അപാകത ശ്രദ്ധയിൽപ്പെട്ടാൽ ഭൂഉടമകൾക്ക് സർവേ അസി. ഡയറക്ടർക്ക് ഓൺലൈനായി പരാതി നൽകാം. ഇത് പരിഹരിച്ചാവും അന്തിമ വിജ്ഞാപനമിറക്കുക. രണ്ടാം പിണറായി സർക്കാർ കാലാവധി പൂർത്തിയാക്കും മുന്നേ ഡിജിറ്റൽ റീസർവേ പൂർത്തിയാക്കാനാണ് ലക്ഷ്യമിടുന്നത്. എന്നാൽ 200 വില്ലേജുകളിൽ മാത്രമാണ് നിലവിൽ റീസർവേ പൂർത്തിയാക്കിയിരിക്കുന്നത്.

കണ്ടെത്തുന്ന അധിക ഭൂമി സർക്കാർ ഭൂമിയോട് ചേർന്നാവരുത് എന്ന നിബന്ധന ബില്ലിലുണ്ടാകും. സർക്കാർ പട്ടയഭൂമി ആകാനും പാടില്ല. ഭൂമിയ്ക്ക് കൃത്യമായ അതിർത്തി വേണം. തർക്കങ്ങളുണ്ടാകാനും പാടില്ല. റവന്യുരേഖയിൽ ഉള്ളതിൽ അധികമായുള്ള ഭൂമിയുടെ കരം നിലവിൽ ഈടാക്കാറില്ല. ഈ ഭൂമി ഉടമയ്ക്ക് കൈമാറ്റം ചെയ്യാമെങ്കിലും വാങ്ങുന്നയാൾക്ക് പോക്കുവരവ് ചെയ്ത് സ്വന്തം പേരിൽകൂട്ടാൻ വ്യവസ്ഥയില്ല. പുതിയ നിയമം വരുന്നതോടെ ഇതിനു പരിഹാരമാകും.

## എക്സിൽ ഏറ്റവും കൂടുതൽ പേർ പിന്തുടരുന്ന നേതാവ്: നരേന്ദ്ര മോദിയെ അഭിനന്ദിച്ച് ഇലോൺ മസ്ക്



**വാഷിങ്ടൻ:** സമൂഹമാധ്യമമായ എക്സിൽ ഏറ്റവും കൂടുതൽ പേർ പിന്തുടരുന്ന നേതാവായി ഇന്ത്യൻ പ്രധാനമന്ത്രി നരേന്ദ്ര മോദി. 100.2 മില്യൻ (10.02 കോടി) ആളുകളാണ് എക്സിൽ നരേന്ദ്ര മോദിയെ പിന്തുടരുന്നത്. പിന്തുടരുന്നവരുടെ എണ്ണം 10 കോടി പിന്നിട്ടതോടെ എക്സ് സിഇഒയും ശതകോടീശ്വരനുമായ ഇലോൺ മസ്ക് മോദിയെ അഭിനന്ദിച്ചു രംഗത്തെത്തി. "ഏറ്റവും കൂടുതൽ ആളുകൾ പിന്തുടരുന്ന ലോക നേതാവെന്ന നിലയിൽ പ്രധാനമന്ത്രി നരേന്ദ്ര മോദിക്ക് അഭിനന്ദനങ്ങൾ!", എന്നാണ് ഇലോൺ മസ്ക് എക്സിൽ കുറിച്ചത്.

കഴിഞ്ഞ ആഴ്ചയാണ് എക്സിൽ മോദിയെ പിന്തുടരുന്നവരുടെ എണ്ണം 10 കോടി പിന്നിട്ടത്. മുൻ യുഎസ് പ്രസിഡന്റ് ബറാക് ഒബാമയ്ക്ക് ശേഷം ഏറ്റവും കൂടുതൽ ആളുകൾ പിന്തുടരുന്ന രാഷ്ട്രീയക്കാരൻ കൂടിയാണ് നരേന്ദ്ര മോദി. എക്സിൽ ഒബാമയെ 13.1 കോടി പേരാണ് പിന്തുടരുന്നത്. മുൻ യുഎസ് പ്രസിഡന്റും റിപ്പബ്ലിക്കൻ പാർട്ടി സ്ഥാനാർഥിയുമായ ഡോണൾഡ് ട്രംപാണ് മൂന്നാം സ്ഥാനത്താണ്, 8.7 കോടി പേരാണ് എക്സിൽ ട്രംപിനെ പിന്തുടരുന്നത്. 3.8 കോടി പേർ പിന്തുടരുന്ന യുഎസ് പ്രസിഡന്റ് ജോ ബൈഡനാണ് നാലാം സ്ഥാനത്ത്.

എന്നാൽ ലോകത്ത് ഏറ്റവും കൂടുതൽ പേർ എക്സിൽ പിന്തുടരുന്ന വ്യക്തി, എക്സ് ഉടമ തന്നെയായ ഇലോൺ മസ്കാണ്. 19 കോടിയിലേറെ പേരാണ് ഇലോൺ മസ്കിനെ എക്സിൽ പിന്തുടരുന്നത്. എക്സിൽ കൂടുതൽ പേർ പിന്തുടരുന്ന രണ്ടാമത്തെ വ്യക്തി ബറാക് ഒബാമയാണ്. ഫുട്ബോൾ താരം ക്രിസ്റ്റ്യാനോ റൊണാൾഡോയാണ് മൂന്നാം സ്ഥാനത്ത്.

## ബംഗ്ലദേശിൽ കർഫ്യൂ; പ്രതിഷേധത്തിനിടെ കൊല്ലപ്പെട്ടത് 105 പേർ, സൈന്യത്തെ വിന്യസിച്ച് സർക്കാർ



**ധാക്ക:** ബംഗ്ലദേശിൽ നടക്കുന്ന പ്രക്ഷോഭത്തിൽ 105 പേർ മരിച്ചതോടെ രാജ്യത്ത് നിരോധനാജ്ഞ പ്രഖ്യാപിച്ചു. പ്രക്ഷോഭം നിയന്ത്രിക്കാൻ സൈന്യത്തെ വിന്യസിച്ചതായും പ്രധാനമന്ത്രി ഷെയ്ഖ് ഹസീനയുടെ ഓഫിസ് അറിയിച്ചു. പ്രതിഷേധം നിയന്ത്രിക്കുന്നതിൽ പൊലീസ് പരാജയപ്പെട്ടതോടെയാണ് സൈന്യം ക്രമസമാധാന ചുമതല ഏറ്റെടുത്തത്. 1971ലെ ബംഗ്ലദേശ് വിമോചനസമരത്തിൽ രക്തസാക്ഷികളായവരുടെ കുടുംബങ്ങൾക്കു സർക്കാർ ജോലിയിൽ 30% സംവരണം ഏർപ്പെടുത്തണമെന്ന ഹൈക്കോടതി വിധിയെത്തുടർന്നാണു പ്രക്ഷോഭം പൊട്ടിപ്പുറപ്പെട്ടത്. സാമ്പത്തിക പ്രതിസന്ധിയും തൊഴിലില്ലായ്മയും വിലക്കയറ്റവും കൂടി പ്രക്ഷോഭത്തിന്റെ വിഷയമായി മാറിയിട്ടുണ്ട്. പ്രതിപക്ഷ കക്ഷിയായ ബംഗ്ലദേശ് നാഷനലിസ്റ്റ് പാർട്ടി പ്രക്ഷോഭത്തെ പിന്തുണയ്ക്കുന്നുണ്ട്.

നിരവധി ഇന്ത്യൻ വിദ്യാർഥികൾ നാട്ടിലേക്ക് മടങ്ങാൻ തുടങ്ങി. ഇതുവരെ 300ലധികം ഇന്ത്യൻ വിദ്യാർഥികൾ ഇന്ത്യയിലേക്ക് മടങ്ങിക്കഴിഞ്ഞു. ഉത്തർപ്രദേശ്, ഹരിയാന, മേഘാലയ, ജമ്മു കശ്മീർ എന്നിവിടങ്ങളിൽ നിന്നുള്ള മെഡിക്കൽ വിദ്യാർഥികളാണ് തിരികെയെത്തിയത്. ത്രിപുര, മേഘാലയ അതിർത്തികൾ വഴിയാണ് ഇവർ ഇന്ത്യയിലേക്ക് മടങ്ങിയത്. ബംഗ്ലദേശിലെ സ്ഥിതിഗതികൾ സൂക്ഷ്മമായി നിരീക്ഷിച്ചു വരുകയാണെന്ന് ഇന്ത്യ പ്രതികരിച്ചു. . 15,000ഓളം ഇന്ത്യക്കാരാണ് ബംഗ്ലദേശിൽ താമസിക്കുന്നത്. ഇതിൽ 8500 പേരും വിദ്യാർഥികളാണ്. ഇന്റർനെറ്റ് ഉൾപ്പെടെയുള്ള കാര്യങ്ങൾക്കും ബംഗ്ലദേശിൽ നിയന്ത്രണമുണ്ട്. ഭൂട്ടാൻ, നേപ്പാൾ എന്നിവിടങ്ങളിൽ നിന്നുള്ള വിദ്യാർഥികളും ഇന്ത്യയിലൂടെയാണ് തിരിച്ചുവരുന്നത്.

പ്രക്ഷോഭത്തിനിടെ വിദ്യാർഥികൾ കഴിഞ്ഞ ദിവസം ജയിൽ തകർത്ത് തടവുകാരെ മോചിപ്പിച്ചിരുന്നു. നർസിങ്ങ്ടി ജില്ലയിലെ സെൻട്രൽ ജയിലിൽനിന്നാണ് നൂറുകണക്കിനു തടവുകാരെ പ്രക്ഷോഭകാരികൾ മോചിപ്പിച്ചത്. പ്രധാനമന്ത്രി ഷെയ്ഖ് ഹസീന രാജി വയ്ക്കണമെന്നാണ് പ്രക്ഷോഭകാരികളുടെ ആവശ്യം.

## വടക്കൻ ജില്ലകളിൽ ശക്തമായ മഴ തുടരും; 4 ജില്ലകളിൽ യെലോ അലർട്ട്

തിരുവനന്തപുരം: വടക്കൻ ജില്ലകളിൽ ശക്തമായ മഴ തുടരുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. നാലു ജില്ലകളിൽ യെലോ അലേർട്ട് പ്രഖ്യാപിച്ചു. കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർകോട് ജില്ലകളിലാണ് മഴ മുന്നറിയിപ്പുള്ളത്. ബംഗാൾ ഉൾക്കടലിൽ പുതിയ ന്യൂനമർദവും അറബിക്കടലിൽ ചക്രവാതച്ചുഴിയും വടക്കൻ കേരള തീരം മുതൽ ഗുജറാത്ത് തീരം വരെ ന്യൂനമർദ പാത്തിയും സ്ഥിതി ചെയ്യുന്നതിന്റെ സ്വാധീന ഫലമായാണ് മഴ തുടരുന്നത്.

ശക്തമായ മഴ തുടരുന്ന സാഹചര്യത്തിൽ വയനാട് ജില്ലയിൽ പ്രഫഷനൽ കോളജുകൾ ഉൾപ്പെടെയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് അവധി പ്രഖ്യാപിച്ചു. മലയോര തീരദേശ മേഖലകളിലുള്ളവർ അതീവ ജാഗ്രത പാലിക്കണമെന്നും കേരള, ലക്ഷദ്വീപ്, കർണാടക തീരങ്ങളിൽ മത്സ്യബന്ധനത്തിനു പോകരുതെന്നും കാലാവസ്ഥ വകുപ്പ് അറിയിച്ചു.



അഡ്മിഷൻ തുടരുന്നു...

2024-2025
Integrated
MBA
MCA
(5 years)
Qualification: Plus Two
OTHER COURSES:
- B.Sc. Food Technology
- B.Sc. Microbiology
- B.Sc. Cyber Forensic
- B.Sc. Apparel and Fashion Technology
- B.A. Animation
KMM COLLEGES
Affiliated to MG University & Approved by AICTE
THRIKKAKKARA
Ph: 9895545924, 9400939888
www.kmmcolleges.com

സൊസൈറ്റി ടുഡേ
SOCIETY TODAY

# പ്ലാസ്റ്റിക് നിരോധനത്തിന്റെ പേരിൽ വ്യാപാരി പീഢനം അനുവദിക്കില്ല: കെവിവിഇഎസ്

**കൊച്ചി:** പ്ലാസ്റ്റിക് നിരോധനത്തിന്റെ പേരിൽ വ്യാപാരി പീഢനം അനുവദിക്കില്ലെന്ന് കെവിവിഇഎസ് എറണാകുളം ജില്ലാ കമ്മിറ്റി.

നിരോധിത ഗണത്തിൽ പെടുന്ന പ്ലാസ്റ്റിക് ഷോപ്പിംഗ് ക്യാരിബാഗുകളുടെ ഉൽപ്പാദകരെയും വിതരണക്കാരെയും ഒപ്പം ഇത് ഉപയോഗിക്കുന്നവരെയുമാണ് പിടികൂടേണ്ടതെന്ന് ഏകോപന സമിതി എറണാകുളം ജില്ലാ പ്രസിഡന്റ് പി സി ജേക്കബ്ബ്, ജനറൽ സെക്രട്ടറി അഡ്വ. എ ജെ റിയാസ്, ട്രഷറർ സി എസ് അജ്മൽ, വർക്കിംഗ് പ്രസിഡന്റ് ജിമ്മി ചക്യത്ത് എന്നിവർ എന്നിവർ വാർത്താകുറിപ്പിൽ വ്യക്തമാക്കി. നിരോധിത പ്ലാസ്റ്റിക് ക്യാരി ബാഗുകൾ വ്യാപാരി വ്യവസായി ഏകോപന സമിതി പ്രോൽസാഹിപ്പിക്കുന്നില്ല. ഇവയുടെ ഉപയോഗം തടയപ്പെടേണ്ടതാണ്. എന്നാൽ നിരോധിത പ്ലാസ്റ്റിക് ക്യാരിബാഗുകൾ വിപണിയിൽ ലഭ്യമായതുകൊണ്ടാണ് അവയിൽ സാധനങ്ങൾ വിൽക്കുന്നത്. വാങ്ങുന്നവർക്ക് ഇത് നിരോധിക്കപ്പെട്ടതാണോ അല്ലയോയെന്ന് അറിയില്ല.ഈ സാഹചര്യത്തിൽ ഇവയുടെ ഉൽപ്പാദനം തടയാനുള്ള നടപടികൾ സ്വീകരിക്കാതെ ചെറുകിട, ഇടത്തരം വ്യാപാരികളുടെ കടയിൽ കടയറി റെയ്ഡു നടത്തുന്നത് അനുവദിക്കില്ലെന്നും എന്തു വിലകൊടുത്തും ഇത് തടയുമെന്നും ഏകോപന സമിതി നേതാക്കൾ വ്യക്തമാക്കി.

നിരോധിത ഗണത്തിൽപ്പെടുന്ന പ്ലാസ്റ്റിക് കാരിബാഗുകൾ കേരളത്തിൽ ഉൽപ്പാദിപ്പിക്കുന്നില്ലെന്നു പറയുമ്പോഴും ഇ ത്തരം ബാഗുകൾ ഇവിടെ സുലഭമാണ്. ഇതര സംസ്ഥാനങ്ങളിൽ നിന്നുമാണ് നിരോധിത പ്ലാസ്റ്റിക് കാരിബാഗുകൾ എത്തുന്നത്.

ഈ സാഹചര്യത്തിൽ നിരോധനം കർശനമായി നടപ്പാക്കുന്നതിൽ സർക്കാരിന് ആത്മാർത്ഥതയുണ്ടെങ്കിൽ ചെക്ക് പോസ്റ്റിൽ പരിശോധന കർശനമാക്കി ഇവയുടെ വരവ് തടയുകയാണ് ചെയ്യേണ്ടതെന്നും ഏകോപന സമിതി നേതാക്കൾ വ്യക്തമാക്കി. നിരോധിത ഗണത്തിൽപ്പെടുന്ന പ്ലാസ്റ്റിക് ബാഗുകൾ ഉപയോഗിക്കുന്ന മുഴുവൻ ആളുകൾക്കെതിരെയും പീഴയീടാക്കൽ നടപടികളുണ്ടായെങ്കിൽ മാത്രമെ പ്ലാസ്റ്റിക് നിരോധനം പൂർണമായും നടപ്പിലാകുകയുള്ളുവെന്നും ഏകോപന സമിതി നേതാക്കൾ വ്യക്തമാക്കി.

# സോണി ഇന്ത്യ ബ്രാവിയ 3 ടിവി സീരീസ് അവതരിപ്പിച്ചു

**കൊച്ചി:** ഹോം എൻർടൈൻമെൻറ് ടെക്നോളജിയിൽ സുപ്രധാനമായ മുന്നേറ്റവുമായി, സോണി ഇന്ത്യ ബ്രാവിയ 3 സീരീസ് ടെലിവിഷൻസ് അവതരിപ്പിച്ചു. 108 സെ.മീ (43), 126 സെ.മീ (50) 139 സെ.മീ (55), 164 സെ.മീ (65), 189 സെ.മീ (75), 215 സെ.മീ (85) എന്നീ വലുപ്പങ്ങളിൽ പുതിയ ബ്രാവിയ 3 ടിവി സീരീസ് ലഭ്യമാണ്.



നൂതന അൽഗോരിതങ്ങളിലൂടെ ചിത്രത്തിൻറെ ഗുണനിലവാരം വർധിപ്പിക്കുന്ന 4കെ എച്ച്ഡിആർ പ്രോസസർ എക്സ്1 സോണിയുടെ ബ്രാവിയ 3 സീരീസിലുണ്ടെന്ന് കമ്പനി അധികൃതർ അറിയിച്ചു. 4കെ എക്സ്റിയാലിറ്റി പ്രോ ഉപയോഗിച്ച് 4കെ ഇതര ഉള്ളടക്കത്തെ 4കെ റെസല്യൂഷനിലേക്ക് മാറ്റി വ്യക്തത ഉറപ്പാക്കാനും സാധിക്കും. ട്രിലുമിനോസ് പ്രോ, മോഷൻ ഫ്ളോ എക്സ്ആർ, ഡോൾബി അറ്റ്മോസ്, ഡോൾബി വിഷൻ, എക്സ്ബാലൻസ്ഡ് സ്പീക്കർ, ഗൂഗിൾ ടിവി, ഹാൻഡ്സ് ഫ്രീ വോയ്സ് സെർച്ച്, സോണി പിക്ചർ കോർ, ഗെയിം മെനു തുടങ്ങിയ സവിശേഷതകളും ബ്രാവിയ 3 ടിവി സീരീസിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കെ55എസ്30 മോഡലിന് 93,990 രൂപയും, കെ65എസ്30 മോഡലിന് 1,21,990 രൂപയുമാണ് വില. ഇരുമോഡലുകളും ഇപ്പോൾ വിൽപനക്ക് ലഭ്യമാണ്. കെ43എസ്30, കെ50എസ്30, കെ75എസ്30, കെ85എസ്30 മോഡലുകളുടെ വിലയും വിൽപന തീയതിയും പിന്നീട് പ്രഖ്യാപിക്കും. ഇന്ത്യയിലെ എല്ലാ സോണി സെൻററുകളിലും പ്രമുഖ ഇലക്ട്രോണിക് സ്റ്റോറുകളിലും ഇകൊമേഴ്സ് പോർട്ടലുകളിലും ഈ മോഡലുകൾ ലഭ്യമാകും

# രാജ്യാന്തര റോബോട്ടിക്സ് മത്സരം: ചോയ്സ് സ്കൂളിന് ഒന്നാം സ്ഥാനം

**കൊച്ചി:** സിംഗപ്പൂരിൽ നടന്ന റോബോറോർസ് രാജ്യാന്തര റോബോട്ടിക്സ് മത്സരത്തിൽ കേരളത്തെ പ്രതിനിധീകരിച്ച് പങ്കെടുത്ത ചോയ്സ് സ്കൂൾ റോബോട്ടിക്സ് ടീം ഒന്നാം സ്ഥാനം നേടി. റോബോട്ടിക്സ് ചലഞ്ചിൽ ഒന്നാം സ്ഥാനവും വെർചൽ പ്രോഗ്രാമിങ്ങിൽ മൂന്നാം സ്ഥാനവും നേടി.സിംഗപ്പൂർ യൂണിവേഴ്സിറ്റി ഓഫ് ടെക്നോളജി ആൻഡ് ഡിസൈൻ ആതിഥേയത്വം വഹിക്കുന്ന റോബോ റോർസ് സിംഗപ്പൂരിന്റെ അന്താരാഷ്ട്ര റോബോട്ടിക്സ് മത്സരമാണ്. 300ഓളം മത്സരാർത്ഥികളും അഞ്ചു രാജ്യങ്ങളിൽ നിന്നുള്ള 48 ലധികം ടീമുകളും പങ്കെടുത്ത റോബോ റോർസ് യുവതലമുറയ്ക്ക് റോബോട്ടിക്സിനെ പ്രോത്സാഹിപ്പിക്കാനും യഥാർത്ഥ ലോകവെല്ലുവിളികൾ പരിഹരിച്ചു നൂതന രൂപമാറ്റം വരുത്തുന്ന റോബോട്ടുകളുടെ ഉപയോഗത്തിലൂടെ ഊർജ്ജസ്വലമായ ഒരു അന്താരാഷ്ട്ര റോബോട്ടിക്സ് സമൂഹം സ്ഥാപിക്കാനും ശ്രമിക്കുന്നു. റയാൻ ചെറിയാൻ ജേക്കബ്, നവനീത് അനിൽ കർത്ത, ആദിത്യൻ രഞ്ജിത് വടക്കേടത്ത്, നെഹാൻ നായബ്, ഗൗതം കൃഷ്ണ, റോഷൻ ജോർജ്, ശൗര്യ രാഹുൽ മഹർ, അമേയ വിവേര, റോബോട്ടിക്സ് ഡിപ്പാർട്ട്മെന്റ് എച്ച്ഒഡി സുനിൽപോൾ, സീനിയർ ഗ്രേഡ് കോർഡിനേറ്റർ ജയശ്രീ പി വി എന്നിവരാണ് ചോയിസ് സ്കൂളിനെ പ്രതിനിധീകരിച്ച് പങ്കെടുത്തത്.എ ഐ ക്യാമറ ഉപയോഗിച്ച് ക്യു ആർ കോഡുകൾ തിരിച്ചറിയാനും മുൻകൂട്ടി നിശ്ചയിച്ച പാതയിലൂടെ സഞ്ചരിക്കാനും കഴിവുള്ള ഇവരുടെ റോബോട്ട് ഏവരെയും ആകർഷിച്ചു. 'ഞങ്ങളുടെ വിദ്യാർത്ഥികളിൽ ഞങ്ങൾക്ക് അവിശ്വസനീയമാം വിധം അഭിമാനമുണ്ട്,' പ്രിൻസിപ്പൽ റേച്ചൽ ഇഗ്നേഷ്യസ് പറഞ്ഞു.



# സലൂൺ ഓഫ് ദ ഇയർ പുരസ്കാരം അഞ്ച് പേർക്ക്

**കൊച്ചി :** ക്ലബ്സ് ഓഫ് സലൂൺ അസ്സോസിയേഷനും സിറ്റി കളക്ഷൻസും സംയുക്തമായി ഏർപ്പെടുത്തിയ ഈ വർഷത്തെ സലൂൺ ഓഫ് ദ ഇയർ പുരസ്ക്കാരത്തിന് അഞ്ചു പേർ അർഹരായതായി. സംസ്ഥാനത്തെ സൗന്ദര്യ സംരക്ഷണ മേഖലയിൽ മലയാളികൾക്ക് ഏറ്റവും കൂടുതൽ തൊഴിലവസരം ലഭ്യമാക്കിയിട്ടുള്ള സംരംഭകരെയാണ് അവാർഡിനായി പരിഗണിച്ചതെന്ന് ക്ലബ്സ് ഓഫ് സലൂൺ പ്രസിഡന്റ് അനിൽ ജോബ് അറിയിച്ചു. കേരളത്തിലെ അമ്പതിനായിരത്തിൽപ്പരം സലൂണുകളിൽ നിന്നും അഭിപ്രായ സർവ്വേയിലൂടെയാണ് പുരസ്കാര ജേതാക്കളെ തിരഞ്ഞെടുത്തത്.

ബ്യൂട്ടി എലൈറ്റ് അവാർഡിന് രഞ്ജു രഞ്ജിമാർ (ഡോറ ബ്യൂട്ടി വേൾഡ്,ആലുവ, എറണാകുളം),ബ്യൂട്ടി ബോസ്സ് അവാർഡിന് പി.എ.സഫീനാസ് (സ്കിൻ ആന്റ് ഹെയർ സ്റ്റുഡിയോ, എറണാകുളം), സലൂൺ ഓഫ് ഇന്നൊവേഷൻ അവാർഡിന് എസ്.വി ഷിബു (ടുലിപ്സ് ബ്യൂട്ടി പാർക്ക്,തൃശൂർ), ഗോൾഡൺ സിസ്സേഴ്സ് അവാർഡിന് ഡോ.പ്രജീഷ് അഷ്ടമുടി(അഷ്ടമുടി വെൽനെസ്, കൊല്ലം), സലൂൺ ഗ്രാൻഡ് പ്രിക്സ് അവാർഡിന് ബി.സന്തോഷ് (പൊളോണിക്ക യൂണിസെക്സ് ഹെയർ ആന്റ് ബ്യൂട്ടി സ്റ്റുഡിയോ, എറണാകുളം) എന്നിവരാണ് പുരസ്കാര ജേതാക്കൾ.

ഈ മാസം 23 ന് (ജൂലൈ 23, ചൊവ്വ) രാവിലെ 11 ന് ബോൾഗാട്ടി സിറ്റി ഓഡിറ്റോറിയത്തിൽ നടക്കുന്ന ചടങ്ങിൽ തൃക്കാക്കര എംഎൽഎ ഉമാ തോമസ്ജേതാക്കൾക്ക് പുരസ്കാരങ്ങൾ സമ്മാനിക്കും. ക്ലബ്സ് ഓഫ് സലൂൺ പ്രസിഡന്റ് അനിൽ ജോബ്, ഐ.എഫ്.സി മോഡലിംഗ് കമ്പനി പ്രസിഡന്റ് പ്രീതി, സൗന്ദര്യ സംരക്ഷണ മാഗസിൻ വിജയകുമാർ, ബ്യൂട്ടി ഇൻസ്റ്റിറ്റ്യൂഷൻ അസ്സോസിയേഷൻ സുബ്രൻ തുടങ്ങിയവർ ചടങ്ങിൽ സംബന്ധിക്കുമെന്ന് ക്ലബ്സ് ഓഫ് സലൂൺ പ്രസിഡന്റ് അനിൽ ജോബ്, കൺവീനർ വിജയകുമാർ, ഐ.എഫ്.സി മോഡലിംഗ് കമ്പനി പ്രസിഡന്റ് പ്രീതി, ബ്യൂട്ടി ഇൻസ്ടിട്യൂഷൻ അസോസിയേഷൻ സുബ്രൻ തുടങ്ങിയവർ പങ്കെടുക്കും.



# ഹീമോഫീലിയ ചികിത്സ; അമൃത ആശുപത്രിയിൽ ശിൽപശാല നടത്തി

**കൊച്ചി:** വേൾഡ് ഫെഡറേഷൻ ഓഫ് ഹീമോഫീലിയ, ഹീമോഫീലിയ ഫെഡറേഷൻ ഇന്ത്യ, ഹീമോഫീലിയ സൊസൈറ്റി (കൊച്ചിൻ ചാപ്റ്റർ) എന്നിവയുടെ സഹകരണത്തോടെ മാഞ്ചസ്റ്ററിലെയും അമൃതയിലെയും ഹീമോഫീലിയ ട്രീറ്റ്മെന്റ് സെന്ററുകൾ സംയുക്തമായി ഹീമോഫീലിയ ചികിത്സയെപ്പറ്റി ഏകദിന ശിൽപശാല സംഘടിപ്പിച്ചു.

പ്രതിരോധത്തിന്റെ പ്രാധാന്യം, ഹോം തെറാപ്പി, പ്രസവത്തിനു മുമ്പുള്ള രോഗനിർണയം തുടങ്ങിയ വിഷയങ്ങളിൽ ആലുവ ഗവ. ഹീമോഫീലിയ ട്രീറ്റ്മെന്റ് സെന്ററിലെ ഡോ. വിജയകുമാർ, അമൃത ആശുപത്രിയിലെ ക്ലിനിക്കൽ ഹെമറ്റോളജി വിഭാഗം മേധാവി ഡോ. നീരജ് സിദ്ധാർത്ഥൻ, ഡോ. സച്ചിൻ ഡേവിഡ്, ഡോ. നിറ്റു ദേവസ്സി, ഡോ. ജെക്കോ തച്ചിൽ എന്നിവർ ക്ലാസ്സുകൾക്ക് നേതൃത്വം നൽകി.

ഫിസിക്കൽ മെഡിസിൻ ആൻഡ് റിഹാബിലിറ്റേഷൻ വിഭാഗത്തിന്റെ നേതൃത്വത്തിൽ ഫിസിയോതെറാപ്പി പരിശീലനവും സംഘടിപ്പിച്ചു. രക്തസ്രാവവും തകരാറുകളും, മസ്കുലോസ്കലെറ്റൽ സങ്കീർണതകൾ, യിട്രിയം സൈനോവെക്ടമി ചികിത്സാരീതി, ഓർത്തോപീഡിക് സങ്കീർണതകൾ തുടങ്ങിയ വിഷയങ്ങളിൽ നടത്തിയ ക്ലാസുകൾക്ക് ഡോ. ഷിഗി ഫ്രാൻസിസ്, ഡോ. രമ ജി, ഡോ. നിറ്റു ദേവസ്സി , ഡോ. താടിമോഹൻ, ഡോ. റീമ മിറിയ അബ്രഹാം, ഡോ. അമൃത തുടങ്ങിയവർ നേതൃത്വം നൽകി.




## ലോഞ്ച്പാഡ് കേരള ജോബ് ഫെയറിന് തുടക്കം

# കേരളത്തിൽ നിന്നുള്ള ഐടി കമ്പനികൾ ആഗോളതലത്തിലെത്തണം

**കൊച്ചി:** കേരളത്തിൽ നിന്നുള്ള ഐടി കമ്പനികൾ ആഗോളതലത്തിൽ എത്താനാണ് ലക്ഷ്യം വയ്ക്കേണ്ടതെന്ന് ഇൻഫോപാർക്ക് സിഇഒ സുശാന്ത് കുറുന്തിൽ പറഞ്ഞു. കൊച്ചിയിൽ ഐഇഇഇ, ജിടെക് മ്യുലേൺ എന്നിവർ ഇൻഫോപാർക്കിൻറെ സഹകരണത്തോടെ സംഘടിപ്പിച്ച ലോഞ്ച്പാഡ് കേരള ജോബ് ഫെയർ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.25 ശതമാനത്തിലധികമാണ് ഇൻഫോപാർക്കിൻറെ വാർഷികവളർച്ച. ഐടി വരുമാനത്തിലും ഗണ്യമായ വർധനയാണുണ്ടായിരിക്കുന്നത്. ഈ നേട്ടങ്ങൾക്കൊപ്പം തന്നെ കേരളത്തിൽ നിന്നുള്ള കമ്പനികൾ ആഗോളതലത്തിലേക്കെത്തുന്ന അവസ്ഥ സംജാതമാകണമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.4000 അപേക്ഷകരിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട 400 ഉദ്യോഗാർത്ഥികളാണ് ജെയിൻ ഡീംഡ് ടു ബി സർവകലാശാലയിൽ നടന്ന ലോഞ്ച്പാഡിൻറെ ഭാഗമായി വിവിധ കമ്പനികളിലെ അഭിമുഖങ്ങളിൽ പങ്കെടുത്തത്.ജോലി ലഭിക്കുന്നതിന് അക്കാദമികമായ വിജ്ഞാനത്തിനൊപ്പം നൈപുണ്യശേഷിയും ഏറെ പ്രധാനമാണ്. കേരളത്തിലെ ഏറ്റവും വലിയ ഐടി ആവാസവ്യവസ്ഥയാണ് ഇൻഫോപാർക്ക് സ്ഥിതി ചെയ്യുന്ന മേഖലയെന്ന് സുശാന്ത് കുറുന്തിൽ ചൂണ്ടിക്കാട്ടി.

ഇവിടുത്തെ ഐടി കമ്പനികൾക്ക് ആഗോളനിലവാരത്തിലേക്കുയരാനുള്ള ചവിട്ടുപടി സൃഷ്ടിക്കലാണ് ഇൻഫോപാർക്ക് ചെയ്യുന്നത്. അതിന് അക്കാദമിക് യോഗ്യതയ്ക്കപ്പുറം നൈപുണ്യശേഷിയും ആവശ്യമാണ്. കേരളത്തിലെ ഐടി ആവാസവ്യവസ്ഥയിലെ വ്യവസായങ്ങൾക്കനുസരിച്ചുള്ള നൈപുണ്യമാണ് ഉദ്യോഗാർഥികൾ ആർജ്ജിക്കേണ്ടത്. കേരള നെക്സ്റ്റ് എന്ന ദിശാബോധമാണ് ഐടി വ്യവസായം മുന്നിൽ കാണേണ്ടതെന്നും അദ്ദേഹം പറഞ്ഞു.നൂതനസാങ്കേതികവിദ്യയുടെ വരവോടെ തൊഴിൽ നഷ്ടമല്ല മറിച്ച് തൊഴിൽമാറ്റമാണുണ്ടാകുന്നതെന്ന് ചടങ്ങിൽ സംസാരിച്ച സംസ്ഥാനത്തിൻറെ ഐടി ഉന്നതാധികാര സമിതിയംഗം ദിനേശ് തമ്പി ചൂണ്ടിക്കാട്ടി. അതിനാൽ പുതിയ സാങ്കേതികവിദ്യയിൽ പ്രാഥമിക പരിജ്ഞാനം നേടാൻ ഏവരും ശ്രദ്ധിക്കണമെന്നും അദ്ദേഹം പറഞ്ഞു.

കഴിഞ്ഞ മൂന്ന് മാസമായി നടത്തിയ റിക്രൂട്ടിംഗ് പ്രക്രിയയ്ക്ക് ശേഷമാണ് 4000 പേരിൽ നിന്ന് 400 പേരെ തെരഞ്ഞെടുത്തത്. തിരുവനന്തപുരത്ത് ടെക്നോപാർക്കിലും കൊച്ചിയിലുമായിരുന്നു ജോബ് ഫെയർ നടന്നത്. ഐടി മേഖലയ്ക്കാവശ്യമായ തൊഴിൽ പരിചയം ഉൾപ്പെടുന്ന പ്രാഥമിക പരീക്ഷയാണ് തുടക്കത്തിൽ നടത്തിയത്. അതിൽ വിജയിച്ചവരെ റാങ്ക് അടിസ്ഥാനത്തിൽ അഭിമുഖത്തിനായി ക്ഷണിച്ചു. മൊത്തം 35 കമ്പനികളാണ് ജോബ്ഫെയറിൽ പങ്കെടുത്തത്. കൊച്ചിയിൽ മാത്രം 15 കമ്പനികൾ പങ്കെടുത്തു.ഐഇഇഇ മുൻ അധ്യക്ഷ മിനി യു, ഐഇഇഇ ഇൻഡസ്ട്രി റിലേഷൻസ് ചെയർ റോണി തോമസ്, ഐടി ഉന്നതാധികാര സമിതി അംഗം ദിനേശ് തമ്പി, ജിടെക് വൈസ് ചെയർമാൻ എ ബാലകൃഷ്ണൻ, കുസാറ്റ് മുൻ വൈസ് ചാൻസിലറും ജെയിൻ യൂണിവേഴ്സിറ്റി പ്രൊവൈസ് ചാൻസിലറുമായ ഡോ. ജെ ലത , ജെയിൻ യൂണിവേഴ്സിറ്റി ഡയറക്ടർ ഡോ. ടോം ജോസഫ്, ഐഇഇഇ കേരള മേഖല സ്റ്റുഡൻറ് ആക്ടിവിറ്റീസ് ചെയർ ഷോൺ ജോസ് തുടങ്ങിയവർ സംസാരിച്ചു.ജിടെക് മ്യുലേൺ, ഐഇഇഇ എന്നിവർക്ക് പുറമെ ഐഇഇഇ ലിങ്ക്, കേരള നോളഡ്ജ് ഇക്കണോമി മിഷൻ, കെഡിസ്ക്, എന്നിവരും ലോഞ്ച്പാഡ് കേരളയുടെ സഹകരണ പങ്കാളികളായിരുന്നു.

# മാലിന്യത്തോട്ടിൽ സ്കൂബ സംഘത്തെ തള്ളി വിട്ടതിന് എതിരെ മനുഷ്യാവകാശ കമ്മീഷൻ കേസെടുക്കണം: ഡി എസ് ജെ പി

**കൊച്ചി:** എല്ലാവിധ മാലിന്യങ്ങളും നിറഞ്ഞ ആമയിഴഞ്ചാംതോട്ടിൽ വേണ്ടത്ര സുരക്ഷാ സംവിധാനങ്ങൾ ഇല്ലാതെ അഗ്നി രക്ഷാ സേനയുടെ സ്കൂബ സംഘത്തെ ഇറക്കിയതിനെതിരെ മനുഷ്യാവകാശ കമ്മീഷൻ കേസെടുക്കണമെന്ന് ഡെമോക്രാറ്റിക് സോഷ്യൽ ജസ്റ്റിസ് പാർട്ടി (ഡി എസ് ജെ പി).ഗുരുതരമായ ആരോഗ്യ ഭീഷണി ഉയർത്തുന്ന, വിസർജ്യങ്ങൾ തന്നെ ഉണ്ടായേക്കാവുന്ന തീർത്തും മലീമസം ആയ തോട്ടിൽ അയൽ സംസ്ഥാനങ്ങളിൽ അടക്കം കൊടുക്കുന്ന വെള്ളവുമായി സമ്പർക്കം തടയുന്ന ഡ്രൈ സൂട്ട് നൽകാതെ തീരെ നിരുത്തരവാദപരമായി സുരക്ഷ സേനക്കാരെ ഇറക്കിവിട്ടത് കേരളത്തിൻറെ മനസ്സാക്ഷിയെ പിടിച്ചു കുലുക്കിയിരിക്കുകയാണ്. വളരെ പ്രാകൃതമായ ഒരു രക്ഷാപ്രവർത്തനത്തിന് കളമൊരുക്കിയ അധികാരികൾ ഇതിന് ഉത്തരം പറയണം. 'അഗ്നി സേന അംഗങ്ങൾ ഓരോരുത്തരും ഒരു ജീവിതമാണെന്നും അവരെ റോബോട്ടുകൾ ആയി ഉപയോഗിക്കുന്നത് അത്യന്തം അപലപനീയം ആണെന്നും ഡി എസ് ജേ പി പ്രസിഡൻറ് കെ എസ് ആർ മേനോൻ പറഞ്ഞു. ഈ വിഷയത്തിൽ സേനാംഗങ്ങളുടെ സുരക്ഷ ഉറപ്പാക്കാൻ വേണ്ട മാർഗനിർദേശങ്ങൾ മനുഷ്യാവകാശ കമ്മീഷൻ നൽകണമെന്നും പാർട്ടി അഭ്യർത്ഥിച്ചു.

കേരളത്തിലെ ഭരണം കുത്തഴിഞ്ഞു കിടക്കുന്നതിനാൽ മിക്ക വിഷയങ്ങളിലും പൊതുജനം കോടതി വാതിൽ മുട്ടേണ്ട അവസ്ഥയാണുള്ളത്. ജീവൻ പണയം വെച്ചുള്ള പ്രവർത്തനം നടത്തുന്ന സ്കൂബ അംഗങ്ങൾക്ക് ഇൻഷുറൻസ്, റിസ്ക് അലവൻസ്, പോലീസ് വിഭാഗത്തിന് കിട്ടുന്ന കാൻറീൻ സൗകര്യം, അവർക്ക് തന്നെ വേണ്ട സുരക്ഷ ക്രമീകരണങ്ങൾ എന്നിവ സർക്കാർ ഉറപ്പാക്കണമെന്ന് പാർട്ടി ആവശ്യപ്പെട്ടു.

# വെൻ ബിസ്കോൺ ആഗസ്റ്റ് 9 ന് കൊച്ചി ഗ്രാൻഡ് ഹയാത്തിൽ

**കൊച്ചി:** വിമെൻ എൻട്രപ്രണേഴ്സ് നെറ്റ്വർക്ക് ഫൗണ്ടേഷൻ (വെൻ) ൻറെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന വനിതാ സംരംഭക സംഗമം വെൻ ബിസ്കോൺ ആഗസ്റ്റ് 9 വെള്ളിയാഴ്ച ബോൾഗാട്ടി ഗ്രാൻഡ് ഹയാത്തിൽ നടക്കും. വിവിധ വ്യവസായങ്ങളിൽ നിന്നായി 700 പ്രതിനിധികൾ പങ്കെടുക്കും. ബ്രേക്കിംഗ് ബാരിയേഴ്സ്, ബിൽഡിംഗ് ലെഗസീസ് എന്ന ടാഗ്ലൈനിലാണ് പരിപാടി സംഘടിപ്പിക്കുന്നത്. ഇൻസ്പയർ, ഇന്നവേറ്റ്, ഇവോൾവ് എന്നതാണ് സമ്മേളന വിഷയം. ഇൻഫ്ളുവൻസറും സംരംഭകയുമായ പേർളി മണി ആമുഖ പ്രസംഗം വഹിക്കും. നാചറൽസ് സലൂൺ ആൻഡ് സ്പാ സഹസ്ഥാപകനും സിഎംഡിയുമായ സി.കെ കുമാരവേൽ, മേക് അപ്പ് ആർട്ടിസ്റ്റും ഹെയർ സ്റ്റയിലിസ്റ്റും അംബിക പിള്ള ബ്രാൻഡ് ഉടമയുമായ അംബിക പിള്ള എന്നിവർ സംസാരിക്കും. അർത്ഥ ഫിനാൻഷ്യൽ സർവീസിനെ പ്രതിനിധീകരിച്ച് ഉത്തര രാമകൃഷ്ണൻ ധനകാര്യ മേഖലയെ കുറിച്ച് സംസാരിക്കും. ലക്ഷ്മി മേനോൻ (അമ്മൂമ്മത്തിരി), നോറീൻ അയ്ഷ (ഫെമിസേഫ്), നികിത ശങ്കർ (ഷോപ്പർ ഡോട്ട് കോം), സാംസ്കാരിക പൈതൃക സംരക്ഷണത്തിന് യുനെസ്കോ പുരസ്കാരം നേടിയ സ്വാതി സുബ്രഹ്മണ്യൻ (ഇഴ കൺസർവേഷൻ ആർക്കിറ്റെക്റ്റ്സ്) എന്നിവർ സ്റ്റാർട്ടപ്പ് സംരംഭങ്ങളെ കുറിച്ച് സംസാരിക്കും.

ചിന്തകർ, വ്യവസായ വിദഗ്ധർ, നയരൂപീകരണ വിദഗ്ധർ തുടങ്ങിയവർ സമ്മേളനത്തിൽ പങ്കെടുക്കും. ആശയരൂപീകരണവും ചർച്ചയും സമ്മേളനത്തിൻറെ ഭാഗമായി സംഘടിപ്പിച്ചിട്ടുണ്ട്. പ്രവേശന പാസുകളും ഈ സൈറ്റിലൂടെ ബുക്ക് ചെയ്യാം. പുരുഷന്മാർക്കും വിദ്യാർഥികൾക്കും. സമ്മേളനത്തിൽ പങ്കെടുക്കാം. കൂടുതൽ വിവരങ്ങൾക്കും രജിസ്ട്രേഷനും: https://www.wen-india.org/wen-bizcon.

വനിതാ സംരംഭക ശാക്തീകരണം ലക്ഷ്യമിട്ട് ആരംഭിച്ച വെൻ 900 ലേറെ അംഗങ്ങളുള്ള രജിസ്റ്റേർഡ് സൊസൈറ്റിയാണ്. കൊച്ചി, തൃശൂർ, കോഴിക്കോട്, കോട്ടയം, തിരുവനന്തപുരം എന്നിവിടങ്ങളിൽ ചാപ്റ്ററുകളുണ്ട്. ചെറുകിട വ്യവസായ യൂണിറ്റുകൾ മുതൽ വ്യവസായ രംഗത്തെ പ്രമുഖരായ വനിതകൾ വരെ ഇതിൽ അംഗങ്ങളാണ്.

# താത്പര്യപത്രം ക്ഷണിച്ചു

**കൊച്ചി:** കേരള ഹൈക്കോടതിയുടെ ഒരു മോഡൽ ഡിജിറ്റൽ ഹാളിനായി ഇന്റീരിയർ ഡിസൈൻ ചെയ്തു നൽകുന്നതിന് താത്പര്യപത്രം ക്ഷണിച്ചു. താത്പര്യപത്രം സമർപ്പിക്കുന്നതിനുള്ള അവസാന തീയതി ജൂലൈ 27 ന് ഉച്ചയ്ക്ക് രണ്ടു വരെ.



# ഡിജിറ്റൽ ബോധവത്കരണ ക്യാമ്പയിനുമായി എച്ച്എസ്ബിസി

**കൊച്ചി:** എസ്ഐപി ടോപ്പ്അപ്പിന്റെ പ്രാധാന്യത്തെ കുറിച്ച് നിക്ഷേപകർക്കിടയിൽ അവബോധം സൃഷ്ടിക്കുകയെന്ന ലക്ഷ്യത്തോടെ പ്രമുഖ മ്യൂച്ചൽ ഫണ്ട് കമ്പനിയായ എച്ച്എസ്ബിസി ഡിജിറ്റൽ ക്യാമ്പയിന് തുടക്കം കുറിച്ചു. 30 സെക്കൻഡ് വീതമുള്ള മൂന്ന് ഷോർട്ട് ഫിലിമുകൾ ഉൾപ്പെടുന്ന പരമ്പരയാണ് അില ◌ടകജഗീഉീജ്യീീശേീ എന്ന ഹാഷ് ടാഗോട് കൂടി ആരംഭിച്ച ക്യാമ്പയിൻ. നിക്ഷേകർക്ക് സിസ്റ്റമാറ്റിക് ഇൻവെസ്റ്റ്മെന്റ് പ്ലാനുകളിൽ (എസ്ഐപി) ടോപ്പ്അപ്പ് സൗകര്യം തിരഞ്ഞെടുത്ത് അവരുടെ നിക്ഷേപ തുകയിൽ അർഹമായ വർദ്ധന നൽകുക എന്ന ആശയം പ്രോത്സാഹിപ്പിക്കുകയാണ് ലക്ഷ്യം.നിശ്ചിത ഇടവേളകളിൽ (പ്രതിമാസ, ത്രൈമാസ, മുതലായവ) ഒരു നിശ്ചിത തുക മ്യൂചൽ ഫണ്ട് സ്കീമിൽ നിക്ഷേപിക്കാൻ സൗകര്യമൊരുക്കുന്ന ഒരു ജനപ്രിയ നിക്ഷേപ രീതിയാണ് എസ്ഐപി.

പദ്ധതി പണപ്പെരുപ്പം, മാറിയ ജീവിതശൈലി, വർദ്ധിച്ചുവരുന്ന ചെലവുകൾ മുതലായ കാര്യങ്ങൾ മറികടന്നുകൊണ്ട് വരുമാനത്തിന് അനുസൃതമായി സമ്പാദ്യവും മുന്നോട്ടു കൊണ്ടു പോകാൻ നിക്ഷേപകരെ സഹായിക്കുന്ന പദ്ധതിയാണ് എസ്ഐപി ടോപ്പ്അപ്പ്. വ്യക്തികൾക്ക് വരുമാനത്തിന് തുല്യമായ രീതിയിൽ നിക്ഷേപം വർദ്ധിപ്പിക്കാൻ ടോപ്പ് അപ്പിലൂടെ കഴിയുമെന്നും ഇതിലൂടെ നിക്ഷേപകർക്ക് വർദ്ധിച്ചുവരുന്ന പണപ്പെരുപ്പത്തെ മറികടന്നുകൊണ്ട് സാമ്പത്തിക ലക്ഷ്യം കൈവരിക്കാനാകുമെന്നും എച്ച്എസ്ബിസി മ്യൂചൽ ഫണ്ട് സിഇഒ കൈലാഷ് കുൽക്കർണി പറഞ്ഞു. എസ്ഐപി ടോപ്പ്അപ്പിലൂടെ എസ്ഐപി സാധ്യതകൾ പരമാവധി വർദ്ധിപ്പിക്കുന്നതിനെ കുറിച്ച് നിക്ഷേപകരെ ബോധവത്കരിക്കുന്നതിലൂടെ സാമ്പത്തിക ഉത്തരവാദിത്തത്തെയും നിക്ഷേപത്തെയും കുറിച്ചുള്ള ആഖ്യാനം പുനഃക്രമീകരിക്കാൻ കഴിയുമെന്ന് ബോൺഹി ഡിജിറ്റൽ വൈസ് പ്രസിഡന്റ് സന്ദീപ് ശ്രീകുമാർ പറഞ്ഞു.

# പലിശ നിരക്ക് 35 ബേസിസ് പോയിൻറ് കുറച്ച് മുത്തൂറ്റ് മൈക്രോഫിൻ

**കൊച്ചി:** കേരളത്തിൽ നിന്നുള്ള പ്രമുഖ മൈക്രോഫിനാൻസ് സ്ഥാപനമായ മുത്തൂറ്റ് മൈക്രോഫിൻ പലിശ നിരക്ക് 35 ബേസിസ് പോയിൻറ് കുറച്ചു. ഈ വർഷം രണ്ടാം തവണയാണ് കമ്പനി പലിശ നിരക്ക് കുറയ്ക്കുന്നത്. ഇതോടെ മുത്തൂറ്റ് മൈക്രോഫിൻ വായ്പ നിരക്ക് 23.65 ശതമാനത്തിൽ നിന്ന് 23.30 ശതമാനമായി കുറഞ്ഞു. മുൻപ് ജനുവരിയിൽ പലിശ നിരക്ക് 55 ബേസിസ് പോയിൻറ് കുറച്ചിരുന്നു. ഉപഭോക്താക്കൾക്ക് കമ്പനിയുടെ സേവനങ്ങൾ കൂടുതലായി ലഭിക്കാനുള്ള പ്രതിബദ്ധതയുടെ ഭാഗമാണ് ഈ നീക്കം.

ഒരു ഉപഭോക്തൃ കേന്ദ്രീകൃത മൈക്രോഫിനാൻസായ മുത്തൂറ്റ് മൈക്രോഫിൻ കോസ്റ്റ് ഓഫ് ഫണ്ടിലെ (സിഒഎഫ്) നേട്ടം വായ്പക്കാരുമായി പങ്കിടുന്നത് തുടരുമെന്ന് മുത്തൂറ്റ് മൈക്രോഫിൻ സിഇഒ സദാഫ് സയീദ് പറഞ്ഞു.

ഡിജിറ്റൽ, സാമ്പത്തിക സാക്ഷരത നൽകി മുത്തൂറ്റ് മൈക്രോഫിൻ സാമ്പത്തിക ഉൾപ്പെടുത്തലിലും ഉപഭോക്താക്കളെ ശാക്തീകരിക്കുന്നതിലും ശ്രദ്ധ കേന്ദ്രീകരിക്കുന്നത് തുടരുമെന്ന് മുത്തൂറ്റ് മൈക്രോഫിൻ എംഡി തോമസ് മുത്തൂറ്റ് പറഞ്ഞു.

മുത്തൂറ്റ് മൈക്രോഫിൻ നിലവിൽ 19 സംസ്ഥാനങ്ങളിൽ സേവനം നൽകുന്നുണ്ട്. രാജ്യത്തുടനീളം 1,508 ശാഖകളുമായി 357 ജില്ലകളിൽ സാന്നിധ്യമുണ്ട്. രാജ്യത്തിൻറെ ഗ്രാമപ്രദേശങ്ങളിൽ താമസിക്കുന്ന 33.5 ലക്ഷം ഉപഭോക്താക്കൾക്കാണ് കമ്പനി സേവനം നൽകുന്നത്.

# സംസ്ഥാന പോലീസ് കംപ്ലയിന്റ്സ് അതോറിറ്റി തെളിവെടുപ്പ് 22ന്

**കൊച്ചി:** സംസ്ഥാന പോലീസ് കംപ്ലയിന്റ്സ് അതോറിറ്റി മെമ്പർ പി. കെ. അരവിന്ദബാബു പരാതിയിന്മേൽ തെളിവെടുപ്പ് നടത്തുന്നു. ജൂലൈ 22ന് രാവിലെ 11 മുതൽ എറണാകുളം ഗവ. ഗസ്റ്റ് ഹൗസിലാണ് തെളിവെടുപ്പ്. അന്നേദിവസം രാവിലെ 10 മുതൽ 11 വരെ പൊതുജനങ്ങൾക്ക് കേരള പോലീസ് ആക്ടിലെ വകുപ്പ് 110(1) പ്രകാരം പോലീസ് സൂപ്രണ്ടിന്റെയും അതിനു മുകളിലുള്ള പോലീസ് ഉദ്യോഗസ്ഥരുടെയും ദുഷ്യത്തെപ്പറ്റിയുള്ള പരാതികളും എല്ലാതരത്തിലുള്ള നടപടി അഥവാ മറ്റ് പദവികളിലുള്ള ഉദ്യോഗസ്ഥർക്കെതിരെയുള്ള കസ്റ്റഡിയിലുള്ള സ്ത്രീകളെ ലൈംഗികമായി പീഡിപ്പിക്കൽ അല്ലെങ്കിൽ ഏതെങ്കിലും ആളുടെ മരണത്തിന് കാരണമാകൽ അല്ലെങ്കിൽ ഏതെങ്കിലു ആളെ ഗുരുതരമായി പരുക്കേൽപ്പിക്കൽ തുടങ്ങിയ വിഷയങ്ങളിലുള്ള ഗുരുതര സ്വഭാവത്തിലുള്ള പരാതികളും അതോറിറ്റി മുമ്പാകെ നേരിട്ട് സമർപ്പിക്കാം. .



# പൂത്ത്യക്ക പഞ്ചായത്തിൽ ബഡ്സ്സ്കൂൾ ഉദ്ഘാടനം ചെയ്തു

**കോലഞ്ചേരി:** പൂത്ത്യക്ക ഗ്രാമപഞ്ചായത്തിലെ കിങ്ങിണിമറ്റത്ത് എം. ചാക്കോപ്പിള്ള മെമ്മോറിയൽ കമ്മ്യൂണിറ്റി ഹാളിലെ ബഡ്സ് സ്കുളിന്റെ ഉദ്ഘാടനം ബെന്നി ബഹനാൻ എം.പി. നിർവ്വഹിച്ചു. കമ്യൂണിറ്റി ഹാളിന്റെ പ്രവർത്തനോദ്ഘാടനം അഡ്വ. പി.വി. ശ്രീനിജിൻ എം.എൽ.എ നിർവ്വഹിച്ചു. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് റ്റി.പി. വർഗ്ഗീസിന്റെ അദ്ധ്യക്ഷത വഹിച്ചു. കമ്മ്യൂണിറ്റി ഹാളിന് സ്ഥലം സൗജന്യം നൽകിയ ജോയ് പി. ജേക്കബിന് മെമന്റോ നൽകി ആദരിച്ചു. മനോജ് മുത്തേടൻ, ലിസ്സി അലക്സ്, സിനി ജോയി, അനി ബെൻ കുന്നത്ത്, ഷിബു കെ. കുര്യാക്കോസ്, നിബു കെ. കുര്യാക്കോസ് സിന്ധു വി, രജീന റ്റി.എം., ഷൈജ റെജി, രാജമ്മ രാജൻ, മാത്യൂസ് കുമ്മണ്ണൂർ, ബിന്ദു ജയൻ, ബിജു കെ. ജോർജ്, നിഷ സജീവ്, ജിൻസി മേരി വർഗീസ്, സംഗീത ഷൈൻ, എൻ. വി. കൃഷ്ണൻ കുട്ടി, എം.വി. ജോണി, ശോഭന സലീപൻ, മോൻസി പോൾ. ഹേമലത രവി, പ്രദീപ് എബ്രഹാം, രഞ്ജിത് വി.ജി. തുടങ്ങിയവർ പ്രസംഗിച്ചു. ചടങ്ങിൽ പഞ്ചായത്തിന്റെ പൊതു ശ്മശാനത്തിന്റെ നിർമ്മാണം നടത്തിയ സണ്ണി വി. പീറ്ററിനും, എം. ചാക്കോപ്പിള്ള മെമ്മോറിയൽ കമ്മ്യൂണിറ്റി ഹാളിന്റെ നിർമ്മാണം നടത്തിയ ജയനും മൊമന്റോനൽകി ആദരിച്ചു.



# ഉമ്മൻചാണ്ടി ചരമവാർഷിക ആചരണവും,ഇൻസ്പെയർ അവാർഡ് വിതരണവും നടത്തി

**കോലഞ്ചേരി:** ഐക്കരനാട് മണ്ഡലം കോൺഗ്രസ്സ് കമ്മറ്റിയുടെ നേതൃത്വത്തിൽ ഉമ്മൻ ചാണ്ടി അനുസ്മരണവും ഇൻസ്പെയർ അവാർഡ് വിതരണവും നടത്തി. അവാർഡ് നേടിയ കുട്ടികളുടെ അമ്മമാർക്കും വേദിയിൽ ആദരവ്നൽകി.

വി.എം ജോർജിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗം സെന്റ് പീറ്റേഴ്സ്കോളജ് മുൻ പ്രിൻസിപ്പൽ പ്രൊഫ ജോയി സി.ജോർജ് ഉൽഘടനം ചെയ്തു. ഡിസിസി ജനറൽ സെക്രട്ടറി സി പി ജോയി, ബ്ലോക്ക് പ്രസിഡന്റ് കെ.വി. എൽദോ, ജയിംസ്പാ റേക്കാട്ടിൽ, എം.കെ. വേലായുധൻ, ബാബു ജോൺ, എം.എ. പൗലോസ് , എം.കെ. അനിൽകുമാർ, ആർ. ജെ. പാപ്പച്ചൻ, ജോർജ് കെ. ജോൺ, സാജു പീറ്റർ, എൽദോ ചെന്നക്കാട്ട്, ജോൺ പി തോമസ്,എൽ ദോസ് ബാബു മറ്റത്തിൽ , എം.പി. ജോർജ് , ഏലിയാസ് പി.പി. ജോബി ജേക്കബ് എന്നിവർ പ്രസംഗിച്ചു.

# പ്രൂ ഐ പ്രൊട്ടക്ട് സ്മാർട്ടിൽ ലൈഫ് കണ്ടിന്യുവിറ്റി സൗകര്യം

**തൃശൂർ:** ഐസിഐസിഐ പ്രുഡെൻഷ്യൽ ലൈഫിന്റെ ഏറ്റവും കൂടുതൽ വിൽക്കപ്പെടുന്ന ടേം ഇൻഷൂറൻസ് പ്ലാൻ ആയ ഐസിഐസിഐ പ്രൂ ഐപ്രൊട്ടക്ട് സ്മാർട്ടിൽ ഇനിമുതൽ ലൈഫ് കണ്ടിന്യുവിറ്റി സൗകര്യം തിരഞ്ഞെടുക്കാൻ അവസരമമുണ്ടെന്ന് കമ്പനി അധികൃതർ അറിയിച്ചു.

ക്ലെയിം തുക പ്രതിമാസ വരുമാനമായി കുടുംബത്തിന് നൽകുന്നതാണ് ഈ പദ്ധതി. മൊത്തമായി ലഭിക്കുന്ന ക്ലെയിം തുക എങ്ങനെ കൈകാര്യം ചെയ്യണമെന്ന് അറിവില്ലാത്ത കുടുംബങ്ങൾക്ക് ഈ സൗകര്യം ഏറെ ഗുണകരമാകും.

മാരക രോഗങ്ങൾക്കെതിരെയുള്ള പരിരക്ഷയും ഈ പ്ലാനിനൊപ്പം അധികമായി കൂട്ടിച്ചേർക്കാവുന്നതാണ്.

കാൻസർ, കിഡ്നി രോഗങ്ങൾ, ലുക്കീമിയ, പാർക്കിൻസൺസ് പോലുള്ള രോഗങ്ങൾക്കെതിരെ ഇതിലൂടെ പരിരക്ഷ നേടാം.

രോഗം സ്ഥിരീകരിക്കുമ്പോൾ തന്നെ ചികിത്സക്കായി ഈ പണം വിനിയോഗിക്കാം.

2024 സാമ്പത്തിക വർഷം 99.17 ശതമാനമായിരുന്നു ഐസിഐസിഐ പ്രുഡൻഷ്യലിന്റെ ക്ലെയിം സെറ്റിൽമെന്റ് നിരക്കെന്നും കമ്പനി അധികൃതർ പറഞ്ഞു

# അമീബിക് മസ്തിഷ്കജ്വരം; ജാഗ്രത അനിവാര്യം



**ഡോ. സന്ദീപ് പദ്മനാഭൻ**
കൺസൽട്ടന്റ് ന്യൂറോളജി ആൻഡ് എപിലെപ്സി മാനേജ്മെന്റ്, ആസ്റ്റർ മെഡ്സിറ്റി, കൊച്ചി.

2016ലാണ് കേരളത്തിൽ ആദ്യമായി അമീബ കാരണമുള്ള മസ്തിഷ്കജ്വരം റിപ്പോർട്ട് ചെയ്യുന്നത്. പിന്നീടുള്ള വർഷങ്ങളിൽ ഒറ്റപ്പെട്ട സംഭവങ്ങളായി വ്യത്യസ്ത ജില്ലകളിൽ രോഗം വീണ്ടും പ്രത്യക്ഷപ്പെട്ടു. എന്നാൽ കഴിഞ്ഞ രണ്ട് മാസത്തിനിടെ അഞ്ചും 13ഉം വയസുള്ള രണ്ടുകുട്ടികളാണ് കേരളത്തിൽ ഈ മാരകരോഗം ബാധിച്ച് മരിച്ചത്. തലച്ചോർ തീനികളെന്നറിയപ്പെടുന്ന നെഗ്ലേറിയ ഫൗലേറി എന്ന അമീബിയയാണ് രോഗഹേതു. ഈ അമീബകൾ നമുക്ക് ചുറ്റും ധാരാളമായുണ്ട് എന്നതാണ് വസ്തുത. വെള്ളത്തിലുള്ള ബാക്ടീരിയകളെയും മറ്റും ഭക്ഷിച്ചാണ് ഇവ ജീവിക്കുന്നത്. ഇവ മനുഷ്യരെ ബാധിക്കുന്നത് വിരളമാണ്. എന്നാൽ നമ്മുടെ കേരളത്തിൽ ഇപ്പോൾ അമീബിക് മസ്തിഷ്കജ്വരം പ്രാദേശികമായി കണ്ടുവരുന്ന അസുഖങ്ങളുടെ കൂട്ടത്തിലേക്ക് (എൻഡമിക്) മാറുകയാണ്. കേരളത്തിൽ ഇതുവരെ രോഗം പിടിപെട്ടിട്ടുള്ള എല്ലാ രോഗികളും മരണപ്പെട്ടു എന്ന വസ്തുത ഏറെ ഭയപ്പെടുത്തുന്നു. കോഴിക്കോട്, കണ്ണൂർ, മലപ്പുറം, ആലപ്പുഴ എന്നീ ജില്ലകളിലാണ് രോഗം കണ്ടെത്തിയിട്ടുള്ളത്. വൈറസുകൾ, ബാക്ടീരിയകൾ എന്നിവപോലെ ഒരു ഏകകോശജീവിയാണ് അമീബ. ഇവയ്ക്ക് ജീവിക്കാനാവശ്യമായ എല്ലാ സാഹചര്യങ്ങളും ഒത്തുവരികയും വൻതോതിൽ അവ തലച്ചോറിലെത്തുകയും ചെയ്യുമ്പോഴാണ് രോഗം ഉണ്ടാകുന്നത്. വേനൽക്കാലത്ത് അന്തരീക്ഷത്തിലെ താപനില ഉയർന്നപ്പോൾ ജലാശയങ്ങളിൽ അമീബയ്ക്ക് വളരാനുള്ള അനുകൂല സാഹചര്യമുണ്ടായി എന്നാണ് വിലയിരുത്തൽ. അമീബ ശരീരത്തിൽ പ്രവേശിച്ചു കഴിഞ്ഞാൽ അഞ്ച് മുതൽ 10 ദിവസത്തിനുള്ളിൽ രോഗലക്ഷണങ്ങൾ തുടങ്ങും. സാധാരണ മസ്തിഷ്കജ്വരത്തിന്റെ (മെനിഞ്ചൈറ്റിസ്) ലക്ഷണങ്ങളാണ് കാണുക. എന്നാൽ രോഗകാരണം അമീബയാണെങ്കിൽ അതിവേഗത്തിലായിരിക്കും അസുഖം മൂർച്ഛിക്കുക. ലക്ഷണങ്ങൾ അതിതീവ്രവുമായിരിക്കും. ഏതാനും ദിവസങ്ങൾക്കുള്ളിൽ രോഗി മരിക്കുന്നു. രോഗം കൃത്യസമയത്ത് തിരിച്ചറിയാനുള്ള കാലതാമസവും കൂടുതൽ അപകടമുണ്ടാക്കുന്നു. രോഗം പിടിപെട്ടുകഴിഞ്ഞാൽ 90100% ന് അടുത്താണ് മരണസാധ്യത.

**എന്തുകൊണ്ട് കേരളത്തിൽ?**

ധാരാളം കുളങ്ങളും തോടുകളും കൊണ്ട് എക്കാലത്തും സമൃദ്ധമാണ് കേരളം. മുങ്ങിക്കുളിക്കുന്നത് പണ്ടുമുതലേ മലയാളികളുടെ ശീലവുമാണ്. നല്ല വൃത്തിയും ഒഴുക്കുമുള്ള പുഴകളിലും തോടുകളിലും മുങ്ങിക്കുളിക്കുന്നതിൽ തെറ്റില്ല. എന്നാൽ ഇന്ന് നമ്മുടെ ജലാശയങ്ങളെല്ലാം മലിനമാക്കപ്പെട്ടിരിക്കുന്നു. ഒഴുക്ക് കുറഞ്ഞ് കെട്ടിക്കിടക്കുന്ന വെള്ളത്തിലാണ് രോഗകാരികളായ അമീബ പതിയിരിക്കുന്നത്. അന്തരീക്ഷത്തിലെ ചൂട് കൂടുമ്പോൾ ഇവയ്ക്ക് ജീവിക്കാൻ കൂടുതൽ സൗകര്യപ്രദമായ സാഹചര്യമുണ്ടാകും. ഇളംചൂടുള്ള (40 ഡിഗ്രിക്ക് മുകളിൽ) വെള്ളത്തിലാണ് അമീബകൾ സജീവമാകുകയും പെറ്റുപെരുകുകയും ചെയ്യുന്നത്. വേനൽച്ചൂടേറ്റ് പൊള്ളിക്കിടക്കുന്ന നിശ്ചലജലാശയങ്ങളുടെ അടിയിൽ കെട്ടിക്കിടക്കുന്ന ചേറിൽ അമീബയുടെ സാന്നിധ്യമുണ്ടാകാം. വെള്ളം കലങ്ങുമ്പോൾ ചളിയോടൊപ്പം അമീബ മുകളിലേക്ക് ഉയർന്നുവന്ന് മനുഷ്യരിലേക്ക് പകർന്നതാകാം എന്നതാണ് ഇതുവരെയുള്ള അനുമാനം. ഇത്തരം വെള്ളക്കെട്ടുകളിലേക്ക് ഡൈവ് ചെയ്യുമ്പോഴോ നീന്തുമ്പോഴോ അതിശക്തമായി വെള്ളം മൂക്കിലൂടെ അകത്തെത്തുമ്പോൾ അമീബ ശരീരത്തിലെത്താം. മൂക്കിലെ അസ്ഥികളിലുള്ള വിടവുകളിലൂടെ രോഗാണു നേരിട്ട് തലച്ചോറിലെത്തും. അമീബയുള്ള വെള്ളം ഉപയോഗിച്ച് നസ്യം പോലെയുള്ള ക്രിയകൾ ചെയ്യുമ്പോഴും തല വെള്ളത്തിൽ മുക്കി കഴുകുമ്പോഴും രോഗബാധയുണ്ടാകാം. എന്നാൽ ഈ വെള്ളം കുടിച്ചാൽ രോഗമുണ്ടാവില്ല.തലച്ചോറിലെത്തിക്കഴിഞ്ഞാൽ അഞ്ച് മുതൽ പത്ത് ദിവസത്തിനുള്ളിൽ രോഗലക്ഷണങ്ങൾ തുടങ്ങേണ്ടതാണ്. എന്നാൽ കണ്ണൂർ തോട്ടടയിൽ മരണപ്പെട്ട 13കാരി ലക്ഷണങ്ങൾ കണ്ടുതുടങ്ങിയതിന് രണ്ടരമാസം മുൻപ് ഒരു സ്വിമ്മിങ് പൂളിൽ കുളിച്ചിരുന്നതായാണ് വിവരം. അത്രയും ദിവസങ്ങൾ അമീബ ശരീരത്തിൽ അവശേഷിക്കുമോ എന്ന ചോദ്യത്തിന് ഇന്നും ഉത്തരമില്ല. കൃത്യമായി ഓർത്തെടുക്കാനാവാത്ത മറ്റേതെങ്കിലും വഴിയിലൂടെ സമീപകാലത്ത് രോഗാണു ശരീരത്തിൽ എത്തിയിട്ടുണ്ടോ എന്നും അന്വേഷിക്കേണ്ടതുണ്ട്. മികച്ച അനുഭവജ്ഞാനമുള്ള ഡോക്ടർമാർ പോലും പഠിക്കുന്ന കാലത്ത് ഇത്തരമൊരു രോഗത്തെ കുറിച്ച് മനസ്സിലാക്കിയിട്ടുണ്ടെങ്കിലും അതിനെ നേരിടേണ്ട സാഹചര്യം ലോകത്തൊരിടത്തും കാര്യമായി വന്നിട്ടില്ല. അതുകൊണ്ടുതന്നെ ആഗോളതലത്തിൽ ഈ രോഗത്തെക്കുറിച്ച് കാര്യമായ പഠനങ്ങളൊന്നും ലഭ്യമല്ല. ഇരുട്ടിൽ നിന്ന് ആക്രമിക്കുന്ന ഒരു അജ്ഞാതശത്രുവിനെയാണ് കേരളത്തിലെ ആരോഗ്യരംഗം നേരിട്ടുകൊണ്ടിരിക്കുന്നത്.

മനുഷ്യരിൽ നിന്ന് മനുഷ്യരിലേക്ക് ഈ രോഗം പകരുന്ന സംഭവങ്ങൾ ഇതുവരെ ഉണ്ടായിട്ടില്ല. എന്നാൽ അതിനുള്ള സാധ്യത പൂർണമായും തള്ളിക്കളയാനുമാകില്ല. മരണസാധ്യത ഇത്രയേറെ ഉയർന്നതിനാൽ കടുത്ത പ്രതിരോധനടപടികൾ സ്വീകരിക്കേണ്ടത് അനിവാര്യമാണ്. കെട്ടിക്കിടക്കുന്നതും വൃത്തിയില്ലാത്തതുമായ വെള്ളത്തിൽ ഇറങ്ങുന്നത് ഒഴിവാക്കണം. പ്രത്യേകിച്ച് ചൂടുകൂടുതലുള്ള സമയങ്ങളിൽ. ശരിയായി ക്ലോറിനേറ്റ് ചെയ്യാത്ത സ്വിമ്മിങ് പൂളുകളിലും അമീബയുടെ സാന്നിധ്യമുണ്ടാകാം. മൂക്കിലേക്ക് വെള്ളമെടുത്ത് ചീറ്റുന്നതും മറ്റും പൂർണമായും ഒഴിവാക്കണം. ഒഴുകുന്ന വെള്ളത്തിൽ ഈ അമീബയുണ്ടാകാനുള്ള സാധ്യത കുറവാണെങ്കിലും പാറയിടുക്കുകളിലും മറ്റും നിശ്ചലമായികിടക്കുന്ന വെള്ളം ഒഴിവാക്കണം. വെള്ളത്തിലിറങ്ങിയാൽ വെള്ളം കലങ്ങാതിരിക്കാൻ ശ്രദ്ധിക്കണം. മൂക്കിലൂടെ വെള്ളം അകത്തേക്ക് കടക്കാതിരിക്കാനുള്ള മുൻകരുതലും വേണം. നീന്തുമ്പോൾ മൂക്ക് വെള്ളത്തിന് മുകളിൽ ഉയർത്തിപ്പിടിക്കുകയോ നോസ് പ്ലഗ്ഗുകൾ ഉപയോഗിക്കുകയോ ചെയ്യാം. ഉപ്പുവെള്ളമായതിനാൽ സമുദ്രജലത്തിൽ ഈ അമീബകൾക്ക് നിലനിൽക്കാൻ കഴിയില്ല.കൂടുതലും കുട്ടികളാണ് വെള്ളത്തിൽ കളിയ്ക്കാനും മുങ്ങാംകുഴിയിടാനും ഏറെ ഇഷ്ടപ്പെടുന്നത്. വേനലവധിക്കാലത്ത് ചൂട് അസഹനീയമാകുമ്പോൾ മുങ്ങിക്കുളിക്കാനുള്ള പ്രേരണയുണ്ടാകാം. കുട്ടികളുടെ രോഗപ്രതിരോധശേഷി മുതിർന്നവരിൽ നിന്ന് ഏറെ വ്യത്യസ്തമാണ്. ഇതായിരിക്കാം കുട്ടികളിൽ രോഗം കൂടുതൽ കാണപ്പെടാൻ കാരണം.

**തലച്ചോറിനെ ബാധിക്കുന്നതെങ്ങനെ?**

നമ്മുടെ തലച്ചോറിന് ചുറ്റുമുള്ള മെനിഞ്ചസ് എന്ന ആവരണത്തെയാണ് ഈ അമീബ ആക്രമിക്കുന്നത്. തലച്ചോറിനെ സംരക്ഷിക്കുന്ന ദൗത്യമാണ് ഈ ആവരണത്തിനുള്ളത്. തലച്ചോറിൽ കടുത്ത നീർവീക്കമുണ്ടാക്കിയാണ് അമീബ രോഗിയെ കീഴടക്കുന്നത്. മൂക്കിൽ നിന്നും ഗന്ധം തിരിച്ചറിയാൻ നമ്മെ സഹായിക്കുന്ന ചില നാഡികൾ നേരിട്ട് തലച്ചോറിലേക്ക് പോകുന്നുണ്ട്. ഇതുവഴിയാണ് അമീബ തലച്ചോറിലെത്തുന്നത്. തലച്ചോറിലെത്തിക്കഴിഞ്ഞാൽ ഇവ വളരെ പെട്ടെന്ന് പെരുകും. മസ്തിഷ്കം സംവേദനത്തിന് ഉപയോഗിക്കുന്ന രാസവസ്തുക്കളെയാണ് അമീബകൾ ഭക്ഷണമാക്കുന്നത്.

തീവ്രമായ പനി, തലവേദന, ഓക്കാനം, ഛർദി, സ്വബോധം നഷ്ടപ്പെടുക, കഴുത്ത് തിരിക്കുമ്പോഴുള്ള ബുദ്ധിമുട്ടും വേദനയും, നടുവേദന എന്നിവയാണ് തുടക്കത്തിലേ ലക്ഷണങ്ങൾ. രോഗം മൂർച്ഛിക്കുമ്പോൾ അപസ്മാരം, ബോധക്ഷയം, പരസ്പരബന്ധമില്ലാത്ത സംസാരം എന്നീ ലക്ഷണങ്ങളും ഉണ്ടാകാം. ലക്ഷണങ്ങൾ കണ്ടാൽ സ്വയം ചികിത്സയ്ക്ക് തയാറാകാതെ എത്രയും വേഗം ആശുപത്രിയിലെത്തണം. പലരും അപസ്മാരം ഉണ്ടാകുമ്പോഴാണ് ആശുപത്രിയിലെത്തുന്നത്. അപ്പോഴേക്കും രോഗി അബോധാവസ്ഥയിലേക്ക് പോകാൻ സാധ്യതയുണ്ട്. അടുത്ത ഒന്നുമുതൽ 18 ദിവസത്തിനുള്ളിൽ രോഗി മരണപ്പെടാൻ സാധ്യതയുണ്ട്.മരുന്നുകഴിച്ചിട്ടും മാറാത്ത പനിയും മറ്റ് ലക്ഷണങ്ങളും ശ്രദ്ധയിൽപ്പെട്ടാൽ ഉടൻ വീണ്ടും ആശുപത്രിയിലെത്തണം. അമീബിക് മസ്തിഷ്കജ്വരം അതിവേഗത്തിലായിരിക്കും മൂർച്ഛിക്കുക. കുളത്തിലോ മറ്റോ അടുത്തകാലത്ത് ഇറങ്ങിയിട്ടുണ്ടെങ്കിൽ ഉടനെ അത് ഡോക്ടറോട് പറയുകയും വേണം. അങ്ങനെയൊരു സംശയം ഉദിച്ചെങ്കിൽ മാത്രമേ അമീബയുടെ സാന്നിധ്യമുണ്ടോ എന്നറിയാനുള്ള പരിശോധനകൾ നടത്താൻ കഴിയൂ. ലോകത്ത് ഈ രോഗത്തെ അതിജീവിച്ചവർ വിരലിലെണ്ണാവുന്നവർ മാത്രമേയുള്ളു. രോഗം വളരെ നേരത്തെ തിരിച്ചറിഞ്ഞത് കൊണ്ടാണ് അവർക്കതിനു സാധിച്ചത്.

രോഗിയുടെ നട്ടെല്ലിൽ നിന്നും സ്രവം കുത്തിയെടുത്ത ശേഷം മൈക്രോസ്കോപ്പിലൂടെ നോക്കിയാണ് അമീബയുടെ സാന്നിധ്യമുണ്ടോയെന്ന് പരിശോധിക്കുന്നത്. പിസിആർ പരിശോധനയിലൂടെയും മറ്റും 24 മണിക്കൂറിനുള്ളിൽ രോഗം കൃത്യമായി കണ്ടെത്താനുള്ള സംവിധാനമുണ്ട്. ഈ രോഗത്തിന് ഫലപ്രദമായ മരുന്നോ ചികിത്സയോ ഇപ്പോൾ ലഭ്യമല്ല. ഫങ്കസുകൾക്കും മറ്റുമെതിരെ ഫലപ്രദമെന്ന് കരുതുന്ന ചില മരുന്നുകളുടെ സംയുക്തമാണ് ഇപ്പോൾ രോഗികൾക്ക് നൽകിവരുന്നത്. രോഗലക്ഷണങ്ങൾ നിയന്ത്രിക്കാനുള്ള മരുന്നുകൾ നൽകുന്നതിനൊപ്പം, ശ്വാസകോശം, ഹൃദയം, എന്നിവയുടെ പ്രവർത്തനം നിരന്തരം നിരീക്ഷിക്കുകയുമാണ് ചെയ്യുന്നത്.ആഗോളതലത്തിൽ തന്നെ അത്യപൂർവമായ ഒരു രോഗമായതിനാൽ മറ്റ് രോഗങ്ങളെപ്പോലെ ധാരാളം ഡാറ്റയും പഠനങ്ങളും ലഭ്യമല്ല. ഒരേ കുളത്തിൽ നിരവധി പേർ മുങ്ങിക്കുളിക്കുമ്പോൾ ഒരാൾക്ക് മാത്രം എന്തുകൊണ്ട് രോഗം പിടിപെടുന്നു എന്ന ചോദ്യം ഒരു കടങ്കഥ പോലെ സങ്കീർണം. ഈ രോഗത്തെക്കുറിച്ചോർത്ത് പൊതുജനങ്ങൾ പേടിക്കേണ്ടതില്ല. ഏതാനും അമീബകൾ ശരീരത്തിലെത്തിയാലും നമ്മുടെ ശരീരത്തിന്റെ പ്രാഥമിക രോഗപ്രതിരോധശേഷി ഉപയോഗിച്ച് തന്നെ അവയെ തുരത്താൻ കഴിയും. എല്ലാ അനുകൂല സാഹചര്യങ്ങളും ഒത്തുവരികയും വൻതോതിൽ അമീബകൾ ഉള്ളിൽ പ്രവേശിക്കുകയും ചെയ്യുമ്പോഴാണ് രോഗബാധയുണ്ടാകുന്നത്. ഇങ്ങനെ സംഭവിക്കാനുള്ള സാദ്ധ്യതകൾ വിരളമാണ്. എന്നാൽ രോഗത്തെക്കുറിച്ചുള്ള അറിവും അതിനെതിരെയുള്ള ജാഗ്രതയും അത്യാവശ്യമാണ്.





# ഓസ്ട്രേലിയയിലെ ടാസ്മാനിയ സർവകലാശാലയുമായി ധാരണാപത്രം ഒപ്പിട്ട് കുസാറ്റ്

**കൊച്ചി:** മറൈൻ സയൻസിലും ബിസിനസ് പഠനങ്ങളിലുമുള്ള സഹകരണത്തിൻറെ ഭാഗമായി കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയും (കുസാറ്റ്) ഓസ്ട്രേലിയയിലെ ടാസ്മാനിയ സർവകലാശാലയും തമ്മിൽ വെള്ളിയാഴ്ച ധാരണാപത്രത്തിൽ ഒപ്പുവച്ചു. ടാസ്മാനിയ സർവകലാശാല പ്രസിഡന്റും വൈസ് ചാൻസലറുമായ പ്രൊഫസർ റൂഫസ് ബ്ലാക്ക്, ലേണിംഗ് അബ്രോഡ് & പാർട്ണർഷിപ്പ് അസോസിയേറ്റ് ഡയറക്ടർ ട്രിസ്റ്റാൻ സ്കോട്ട്, കോളേജ് ഓഫ് ബിസിനസ് ആൻഡ് ഇക്കണോമിക്സ് കോളേജ് ഓഫീസ് എക്സിക്യൂട്ടീവ് ഡീൻ പ്രൊഫസർ സ്റ്റുവർട്ട് ക്രിസ്പിൻ, ഇന്ത്യൻ പാർട്ണർഷിപ്പ് മേധാവി നിതിൻ ശർമ എന്നിവരുൾപ്പെടെയുള്ള ഉന്നതതല പ്രതിനിധി സംഘത്തിന്റെ സന്ദർശന വേളയിൽ, കുസാറ്റ് അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിലെ സെനറ്റ് ഹാളിൽ സംഘടിപ്പിച്ച പരിപാടിയിൽ ധാരണാപത്രത്തിൽ ഒപ്പുവച്ചു. കുസാറ്റ് രജിസ്ട്രാർ ഡോ. വി ശിവാനന്ദൻ ആചാരി, ടാസ്മാനിയ സർവകലാശാല പ്രസിഡന്റും വൈസ് ചാൻസലറുമായ പ്രൊഫസർ റൂഫസ് ബ്ലാക്ക് എന്നിവരാണ് ധാരണാപത്രത്തിൽ ഒപ്പുവച്ചത്. കുസാറ്റ് വൈസ് ചാൻസലർ ഡോ. പി. ജി. ശങ്കരൻ അധ്യക്ഷത വഹിച്ചു.ധ്രുവ ഗവേഷണ മേഖലയിൽ ഒരു മറൈൻ സയൻസ് റിസർച്ച് സെന്റർ സ്ഥാപിക്കുന്നതിനെക്കുറിച്ചും ഡുവൽ ഡിഗ്രി എം. ബി. എ പ്രോഗ്രാം വികസിപ്പിക്കുന്നതിനെക്കുറിച്ചും സർവകലാശാല പ്രതിനിധികൾ ചർച്ച ചെയ്തു. അക്കാദമിക സഹകരണം വർദ്ധിപ്പിക്കുന്നതിനും വിദ്യാർത്ഥികൾക്ക് വിവിധ പഠന അവസരങ്ങൾ നൽകുന്നതിനും ലക്ഷ്യമിടുന്ന പദ്ധതികളാണ് ഒരുങ്ങുന്നത്. സ്കൂൾ ഓഫ് മറൈൻ സയൻസസ്, സ്കൂൾ ഓഫ് മാനേജ്മെന്റ് സ്റ്റഡീസ്, ഓഫീസ് ഓഫ് ഇന്റർനാഷണൽ റിലേഷൻസ് എന്നിവയുടെ പ്രതിനിധികൾ യോഗത്തിൽ പങ്കെടുത്തു.

# ആറാഴ്ച ഹോട്ട് സ്പോട്ടുകൾ കേന്ദ്രീകരിച്ചുള്ള പ്രവർത്തനം തുടരണം: മന്ത്രി വീണാ ജോർജ്

**തിരുവനന്തപുരം:** സംസ്ഥാനത്ത് മഴ തുടരുന്ന സാഹചര്യത്തിൽ ആറാഴ്ച ഹോട്ട് സ്പോട്ടുകൾ കേന്ദ്രീകരിച്ചുള്ള പ്രവർത്തനങ്ങൾ തുടരണമെന്ന് ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. തദ്ദേശ സ്ഥാപനതലത്തിൽ ഊർജിത ഉറവിട നശീകരണ പ്രവർത്തനങ്ങൾ തുടരണം.

സംസ്ഥാനത്തെ ആശുപത്രികളിലെ ഐ പി, ഐസിയു, വെന്റിലേറ്റർ ഉപയോഗം സാധാരണ പോലെയാണ്. പകർച്ചപ്പനി മൂലം അവയിൽ വർധനവുണ്ടായിട്ടില്ല. ദുരിതാശ്വാസ ക്യാമ്പുകളിൽ നൽകുന്ന വെള്ളം പ്രത്യേകമായി ശ്രദ്ധിക്കണം. തിളപ്പിച്ചാറ്റിയ വെള്ളം മാത്രമേ കുടിക്കാൻ നൽകാവൂ. ജലജന്യ രോഗങ്ങൾ ഉണ്ടാകാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കണം. ആരോഗ്യ വകുപ്പ് ജീവനക്കാരുടെ ഫീൽഡ് സന്ദർശനം ഫലപ്രദമായി നടത്തണമെന്നും മന്ത്രി നിർദേശിച്ചു. പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി ചേർന്ന റാപ്പിഡ് റെസ്പോൺസ് ടീം (ആർ.ആർ.ടി.) യോഗത്തിലാണ് മന്ത്രി നിർദേശം നൽകിയത്.

മഴക്കാലത്ത് പൊതുവേ ജലദോഷം, ചുമ, വൈറൽ പനി, ഇൻഫ്ളുവൻസ എച്ച്.1 എൻ.1, ഡെങ്കിപ്പനി, എലിപ്പനി, വയറിളക്ക രോഗങ്ങൾ എന്നിവ കൂടുതലായി കാണാറുണ്ട്. കൃത്യമായ ചികിത്സയിലൂടെയും വിശ്രമത്തിലൂടെയും ഇവയെ പ്രതിരോധിക്കാനാകും. അസുഖമുള്ള കുട്ടികളെ സ്കൂളിൽ അയക്കരുത്.

കുട്ടികൾ, മുതിർന്നവർ, ഗർഭിണികൾ, മറ്റ് അനുബന്ധ രോഗങ്ങളുള്ളവർ എന്നിവർ പ്രത്യേകം ശ്രദ്ധിക്കണം. മാസ്ക്, സാമൂഹിക അകലം, കൈകളുടെ ശുചിത്വം തുടങ്ങിയ വ്യക്തിഗത സുരക്ഷാ മാർഗങ്ങളിലൂടെ ഇൻഫ്ളുവൻസ, ജലദോഷം, ചുമ എന്നിവയെ പ്രതിരോധിക്കാനാകും. സ്വയം ചികിത്സ പാടില്ല. എന്തെങ്കിലും രോഗലക്ഷണങ്ങൾ കണ്ടാൽ ചികിത്സ തേടേണ്ടതാണ്.

പനിയോ വയറിളക്കമോ ഉള്ളവർ ധാരാളം വെള്ളവും പാനീയങ്ങളും കുടിക്കണം. മൂന്ന് ദിവസത്തിലധികം നീണ്ട് നിൽക്കുന്ന പനിയോ അപായ സൂചനകളോ കണ്ടാൽ എന്തായാലും വിദഗ്ധ ചികിത്സ തേടണം. പനിയോട് കൂടി ശ്വാസതടസം, അമിതമായ നെഞ്ചിടിപ്പ്, നെഞ്ച് വേദന, ബോധമില്ലാതെ സംസാരിക്കുക, ബോധക്ഷയം, കഫത്തിൽ രക്തത്തിന്റെ അംശം, അമിതമായ ക്ഷീണം തുടങ്ങിയ അപായ സൂചനകൾ കണ്ടാൽ എത്രയും വേഗം വിദഗ്ധ ചികിത്സ തേടേണ്ടതാണ്.

ഡെങ്കിപ്പനി മുമ്പ് വന്നിട്ടുള്ളവർക്ക് വീണ്ടും ബാധിച്ചാൽ ആരോഗ്യനില സങ്കീർണമാകാൻ സാധ്യതയുള്ളതിനാൽ പ്രത്യേകം ശ്രദ്ധിക്കണം. വീടിനും സ്ഥാപനത്തിനും അകത്തും പുറത്തും വെള്ളം കെട്ടി നിന്ന് കൊതുക് വളരുന്ന സാഹചര്യം തടയണം.

കൊതുക് കടിയേൽക്കാതിരിക്കാൻ വ്യക്തിഗത മുൻകരുതലുകൾ സ്വീകരിക്കണം. മണ്ണുമായോ മലിനജലവുമായോ ഇടപെടുന്നവർ എലിപ്പനിക്കെതിരെയുള്ള പ്രതിരോധ ഗുളികയായ ഡോക്സിസൈക്ലിൻ ആരോഗ്യ പ്രവർത്തകരുടെ നിർദേശാനുസരണം നിർബന്ധമായും കഴിക്കേണ്ടതാണ്. വെള്ളത്തിലിറങ്ങുന്ന സന്നദ്ധ പ്രവർത്തകർ ഡോക്സിസൈക്ലിൻ നിർബന്ധമായും കഴിക്കണം.

# തൊഴിൽ മേള 24ന്

**കൊച്ചി:** വിവിധ സ്വകാര്യ സ്ഥാപനങ്ങളിലെ 275 ഒഴിവുകളിലേക്ക് ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മോഡൽ കരിയർ സെന്റർ മൂവാറ്റുപുഴ ജൂലൈ 24 ന് മൂവാറ്റുപുഴ ബ്ലോക്ക് പഞ്ചായത്ത് ഹാളിൽ അഭിമുഖം നടത്തുന്നു. പത്താം ക്ലാസ്, പ്ലസ് ടു, ഏതെങ്കിലും ഐടിഐ അല്ലെങ്കിൽ ഡിപ്ലോമ, ഐടിഐ/ ഡിപ്ലോമ കാർപെന്ററി, സിഎൻസി ഓപ്പറേറ്റർ, സിവിൽ അല്ലെങ്കിൽ ഇന്റീരിയർ ഡിസൈനർ, ഡ്രൈവർ (ഹെവി ലൈസൻസ്),ഏതെങ്കിലും ബിരുദം അല്ലെങ്കിൽ ബിരുദാനന്തര ബിരുദം, ബികോം എന്നീ യോഗ്യതയുള്ളവർക്കു പങ്കെടുക്കാം. താല്പര്യമുള്ളവർ ജൂലൈ 24 ന് നേരിട്ട് മൂവാറ്റുപുഴ ബ്ലോക്ക് പഞ്ചായത്ത് ഹാളിൽ ബയോഡാറ്റ അല്ലെങ്കിൽ റെസ്യുമെ സഹിതം ഹാജരാകുക. പ്രായപരിധി : 1845 ( പരവാവധി ) സമയം : രാവിലെ 10 മുതൽ ഉച്ചയ്ക്ക് ശേഷം മൂന്നു വരെ. ഫോൺ 04852 814960.

# ഡിപ്ലോമ ഇൻ എയർലൈൻ ആന്റ് എയർപോർട്ട് മാനേജ്മെന്റിന് അപേക്ഷിക്കാം

**കൊച്ചി:** സംസ്ഥാന പൊതു വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള സ്റ്റേറ്റ് റിസോഴ്സ് സെന്ററിന്റെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന എസ്.ആർ.സി കമ്മ്യൂണിറ്റി കോളേജ് ജൂലൈ സെഷനിൽ ആരംഭിക്കുന്ന ഡിപ്ലോമ ഇൻ എയർലൈൻ ആന്റ് എയർപോർട്ട് മാനേജ്മെന്റ് പ്രോഗ്രാമിലേക്ക് പ്ലസ്ടു അഥവാ തത്തുല്യ യോഗ്യതയോ ഉള്ളവർക്ക് അപേക്ഷിക്കാം. പ്രോഗ്രാമിൽ മികവ് പുലർത്തുന്നവർക്ക് തൊഴിൽ ഉറപ്പുവരുത്തുന്നതിനുള്ള സേവനങ്ങളും എയർപോർട്ട് മാനേജ്മെന്റ് രംഗത്തുള്ള ഏജൻസികളുടെ സഹകരണത്തോടെ നടത്തുന്നു. അപേക്ഷാ ഫോറവും പ്രോസ്പെക്ടസും തിരുവനന്തപുരം നന്ദാവനം പോലീസ് ക്യാമ്പിനു സമീപം പ്രവർത്തിക്കുന്ന എസ്.ആർ.സി ഓഫീസിൽ ലഭിക്കും. ഫോൺ: 0471 2570471, 9846033001.പൂരിപ്പിച്ച അപേക്ഷ ലഭിക്കേണ്ട അവസാന തീയതി ജൂലൈ 31.

